# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.749.** **07.02.2013 -ൽ മറുപടിയ്ക്ക്**

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ബന്നി ബെഹനാൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ) | ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 ൽ പറയും പ്രകാരം കേന്ദ്ര തലത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും സംസ്ഥാനതലത്തിൽ കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയും ജില്ലാ സർക്കിൾ ഓഫീസുകളും നിലവിൽ വന്നിട്ടുണ്ട്. ട്രെയിനിംഗ് നടത്തി വ്യാപാരികൾക്കും ഉൽപാദകർക്കും അവബോധന മുണ്ടാക്കുക എന്നുള്ളത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ പ്രധാന ചുമതലകളിൽ ഒന്ന്. ഇതനുസരിച്ച് ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. പൂർണ്ണമായും നിയമം നടപ്പാക്കുമ്പോൾ നിയമവിധേയമല്ലാതെ ഉൽപാദനം / വില്പന നടത്തുന്നവർക്കെതിരെ കോമ്പൗണ്ടിംഗ്, അഡ്ജുഡിക്കേഷൻ എന്നിവ നടത്തി ഫൈനും ഗുരുതരമായ കുറ്റകൃത്യമാണെങ്കിൽ ജയിൽ ശിക്ഷയും നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | വിവിധ സർക്കാർ ലാബുകൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | വിവിധ സർക്കാർ ലാബുകൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 2012 - 13 സാമ്പത്തിക വർഷത്തിൽ 3535000 രൂപ വകയിരുത്തിയിട്ടുണ്ട്. അക്രിഡിറ്റേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ആയതിനു വേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്ന നടപടി പുരോഗമിക്കുന്നു. |
| സി) | ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിന് അഡ്ജുഡിക്കേഷൻ ഓഫീസർമാരെ നിയമിക്കുവാനും ഫുഡ് സേഫ്റ്റി അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | 24.12.2012 ലെ ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പിന്റെ ജി. ഒ (എം.എസ്) നം. 435/2012 പ്രകാരം ആർ.ഡി.ഒ മാരെ അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരായി നിയമിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ